**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357** **06-08-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിരുന്നോ; | (എ) | കാട്ടുപന്നികൾമൂലം കൃഷിനാശം കൂടുതലുള്ള പ്രദേശങ്ങളിലെ കാട്ടുപന്നികളെ ഒരു വർഷത്തേയ്ക്ക് വെർമിൻ ആയി പ്രഖ്യാപിക്കണമെന്നുള്ള ശിപാർശ സംസ്ഥാന സർക്കാർ 01.11.2020 ലും 17.06.2021 ലും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിന്മേൽ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനം ഉപയോഗിച്ചും കാട്ടുപന്നി പ്രശ്നം പരിഹരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 01.11.2020 ലെ സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ മടക്കിയിരുന്നു. 17.06.2021 ൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ടി കത്തിൽ കേന്ദ്ര സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | കൃഷിയിടങ്ങളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലാൻ കർഷകർക്ക് അനുവാദം നൽകുന്ന ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിൽ എന്തൊക്കെ നിബന്ധനകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഉത്തരവിലെ നിബന്ധനകൾ താഴെ കൊടുക്കുന്നു. മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിട്ടുള്ളത് പ്രകാരം, നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യ ജീവനോ, സ്വത്തിനോ, കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് |

വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ജനജാഗ്രതാ സമിതിയുടെ ശുപാർശ സഹിതമോ, അല്ലാതെയോ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട്, സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിപ്പിക്കപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം പ്രസ്തുത വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻ തന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചു കഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്. ഫോറസ്റ്റ് റെയിഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും, പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവച്ചു കൊല്ലുന്നതിന്, വനം വകുപ്പ്, പോലീസ്, മറ്റു യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസ് ഉള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്. വെടി വയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000/- രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ, അറിയാതെയോ, മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും, നിശ്ചിത ഫോമിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ജഡം കത്തിക്കുകയോ, മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. കൃത്യം നടപ്പിലാക്കി 24 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതുമായി ബന്ധപ്പെട്ട്, വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, അതതു ഡിവിഷനുകളിൽ സ്പെഷ്യൽ ടാസ്‌ക് ഫോഴ്സ് രൂപീകരിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ ലഘൂകരിക്കാൻ തയാറാകുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലെ സർക്കാർ ഉത്തരവിൻ പ്രകാരം തന്നെ കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കുവാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. WP (C) No. 21207/2020 (A), WP (C) No. 12496/2021 (J) എന്നിവയിൽ 23.07.2021 ൽ വന്നിരിക്കുന്നത് സംയുക്ത ഇടക്കാല ഉത്തരവാണ്. പ്രസ്തുത ഉത്തരവ് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ